# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 364 | **03.02.2014 -ൽ മറുപടിയ്ക്ക്**

## ജലസംരക്ഷണത്തിനും കുടിവെള്ള വിതരണത്തിനുമുള്ള പദ്ധതികൾ

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.പി. കെ. ഗുരുദാസൻ<br>ശ്രീ.ബി. ഡി. ദേവസ്സി<br>ശ്രീ.കെ. ദാസൻ | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് ജലസംരക്ഷണത്തിനും കുടിവെള്ള വിതരണത്തിനും മറ്റനുബന്ധ ആവശ്യങ്ങൾക്കുമായി പ്രഖ്യാപിച്ചിരുന്ന 505 കോടി രൂപയുടെ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;<br><br>ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;<br><br>സി) പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുകയെത്രയെന്ന് വിശകലനം ചെയ്തിട്ടുണ്ടോ ? | എ), ബി) & സി) | കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥ വ്യതിയാനവും കണക്കിലെടുത്തു 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 505 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇത് കൃഷിയ്ക്കും മറ്റ് അനുബന്ധാവശ്യങ്ങൾക്കും കൂടിയായിരുന്നു. 400 കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതിയ്ക്കുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ